# പടക്ക അപകടങ്ങൾ ഒഴിവാക്കൂ, ആഘോഷങ്ങൾ ആനന്ദപ്രദമാക്കൂ



ഓണം, ദീപാവലി, ക്രിസ്തുമസ്, പുതുവർഷം അങ്ങനെ എല്ലാ സന്ദർഭങ്ങളിലും മലയാളികൾക്കിന്നു പടക്കം നിർബന്ധമാണ്. 'പടക്കമില്ലാതെ എന്താഘോഷം' അല്ലേ? എന്നാൽ, സൂക്ഷിച്ചാൽ ദുഖിക്കേണ്ട. വീടുകളിൽ നാം ഉപയോഗിക്കുന്ന പടക്കം അപകടകാരികളായേക്കാം, പ്രത്യേകിച്ചും കുട്ടികൾക്ക്. താഴെ പറയുന്ന മുൻകരുതലുകൾ എടുത്താൽ ഒരു പരിധി വരെ പടക്ക അപകടങ്ങൾ ഒഴിവാക്കാം. റോൾ പൊട്ടാസ്, കമ്പിത്തിരി, മത്താപ്പ്, തറചക്രം, ഫയർ പെൻസിൽ തുടങ്ങി തറയിൽ മനോഹാരിത തീർക്കുന്ന പടക്കങ്ങൾ  മുതൽ  ആകാശത്തു വർണ വിസ്മയം വരുത്തുന്ന പടക്കങ്ങൾ വരെ ഇന്ന് വിപണിയിൽ ലഭ്യമാണ്. പൂത്തിരി,  കമ്പിത്തിരി, തറച്ചക്രം, റോക്കറ്റ് എന്നിവ അധികം അപകടകാരികളല്ല. എന്നാൽ ഉഗ്ര സ്ഫോടനങ്ങളുള്ള ഗുണ്ടും അമിട്ടും വളരെ അപകടകാരികളാണ്. ഏതു തന്നെയായിരുന്നാലും താഴെ പറയുന്ന മുൻകരുതലുകൾ എടുത്താൽ നമുക്ക് ആഘോഷങ്ങളിൽ സുരക്ഷിതരാകാം

## ചെയ്യേണ്ടത്

- ✓ അംഗീകൃത പടക്ക കടകളിൽ നിന്ന് മാത്രം പടക്കം വാങ്ങുക. ചൈനീസ് പടക്കങ്ങൾ ഒഴിവാക്കുക
- ✓ പടക്കങ്ങൾ കത്തിക്കുമ്പോൾ കഴിവതും കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക
- ✓ പടക്കം കത്തിക്കുമ്പോൾ ഒരു കൈഅകലം പാലിക്കുക
- ✓ തുറസായ സ്ഥലങ്ങളിൽ മാത്രം പടക്കം കത്തിക്കുക
- ✓ വീര്യം കൂടിയ പടക്കങ്ങൾ ബോധപൂർവം ഒഴിവാക്കുക.
- ✓ മുതിർന്നവരുടെ മേൽനോട്ടത്തിൽ മാത്രം കുട്ടികളെ പടക്കം പൊട്ടിക്കാൻ അനുവദിക്കുക.
- ✓ ഒരു ബക്കറ്റ് വെള്ളം കൈ അകലത്തിൽ കരുതുക.

- ✓ അടുത്തുള്ള ഫയർ സ്റ്റേഷന്റെ നമ്പർ അറിഞ്ഞിരിക്കുക. അല്ലെങ്കിൽ 101 വിളിക്കുക.
- ✓ വാഹനങ്ങളുടെ അടുത്ത് പടക്കം കത്തിക്കാതിരിക്കുക. റോഡുകളിൽ പടക്കം കത്തിക്കുന്നത് ഒഴിവാക്കുക.
- ✓ കത്തിച്ചിട്ടും പൊട്ടാത്ത പടക്കം വീണ്ടും പരിശോധിക്കാതിരിക്കുക.
- ✓ സാഹസങ്ങൾ ഉപേക്ഷിക്കുക, അങ്ങനെ ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കരുത്. (ഉദാ: കൈയ്യിൽ വെച്ച് പടക്കം പൊട്ടിക്കു ന്നത്.)



- ✓ പടക്ക അവശിഷ്ടങ്ങൾ വലിച്ചെറിയാതിരിക്കുക.
- ✓ ശ്വാസകോശ രോഗങ്ങൾ ഉള്ളവർ പടക്കത്തിന്റെ പുക ശ്വസിക്കാതിരിക്കുക.
- ✓ പാദരക്ഷകൾ ഉപയോഗിക്കുക.
- ✓ പൊള്ളലേറ്റാൽ ഉടൻ പ്രഥമ ശുശ്രൂഷ നൽകുകയും ഗുരുതരമാണെങ്കിൽ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുക ആംബുലൻസിനായി 102 / 108 വിളിക്കുക.
- ✓ വൈദ്യുതി ലൈനുകളിൽ നിന്ന് അകലം പാലിക്കുക.
- ✓ പടക്കം ഒരു കാരണവശാലും (തമാശക്ക് പോലും) മറ്റുള്ളവരുടെ മീതെ എറിയാതിരിക്കുക.
- ✓ കത്തിക്കാതെ മാറ്റി വെക്കുന്ന പടക്കം സുരക്ഷിത സ്ഥാനത്തു വെച്ചു എന്ന് ഉറപ്പുവരുത്തുക
- ✓ സ്കൂളുകളിൽ അഞ്ചു മിനിറ്റ് വകയിരുത്തിയാൽ കുട്ടികൾക്ക് ഈ നിർദ്ദേശങ്ങൾ പറഞ്ഞു കൊടുക്കുവാൻ സാധിക്കും.

---

**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നൽകുന്ന സന്ദേശം**